**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.496 11.12.2012 ൽ മറുപടിയ്ക്ക്

**സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ് പെർമിറ്റ്**

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കൂടുതൽ സ്വകാര്യ ബസ്സുകൾ ലിമിറ്റഡ് സ്റ്റോപ്പ്/സൂപ്പർ ഫാസ്റ്റുകളായി മാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണ് ; | (ബി) | കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2(UC) അനുസരിച്ച് സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ ദൈർഘ്യം 150 കി.മീ.നും 450 കി.മീ.നും ഇടയ്ക്കായിരിക്കണം ചട്ടം 260 (1) അനുസരിച്ച് 5 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾക്ക് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് നല്കുവാൻ പാടില്ല. അന്തർ ജില്ലാ പെർമിറ്റുകൾക്ക് കടന്നു പോകുന്ന ജില്ലകളിലെ ആർ.ടി.എ.യുടെ അനുമതി ലഭിച്ചിരിക്കണം. |
| (സി) ഈ നിബന്ധനകൾ പാലിച്ചാണോ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2 (eb) പ്രകാരമുള്ള 'ഫ്ലീറ്റ് ഓണറിന്റെ' നിർവ്വചനം ബഹു.ഹൈക്കോടതി, റിട്ട് അപ്പീൽ 1591/97 ലെ വിധിന്യായപ്രകാരം റദ്ദ് ചെയ്തതുമൂലമാണ് സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് നല്കേണ്ട സാഹചര്യം ഉണ്ടായത്. ബഹു.ഹൈക്കോടതി വിധി നടപ്പാക്കുന്നതിനാണ് ഹയർ ക്ലാസ്സിലേക്കുള്ള കൺവെർഷൻ അനുവദിക്കേണ്ടി വന്നിട്ടുള്ളത്. |
| (ഡി) വിദ്യാർത്ഥികൾക്ക് സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകളിലും യാത്രാ നിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.